നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 30, വെള്ളി

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 31

നിയമസഭ 1979 മാർച്ച് 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 8-30ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 734

കോടതികളിൽ തീരുമാനമെടുക്കാതെ നിലവിലുള്ള കേസുകൾ

* 677 [734] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

,, പി. ആർ. കുറുപ്പ്:

,, എ. എ. റഹീം:

,, വി. ഈച്ചരൻ:

,, വക്കം പുരുഷോത്തമൻ:

,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൈക്കോടതിയിലും ജില്ലാക്കോടതികളിലും, മുനിസിഫ് കോടതികളിലും, മജിസ്ട്രേറ്റ് കോടതികളിലുമായി ഒട്ടാകെ എത്ര കേസുകൾ തീരുമാനമാക്കാതെ കുടിശ്ശികയായി നിലവിലുണ്ട്;

(ബി) ഇതിൽ ഹൈക്കോടതിയിൽ മാത്രം തീരുമാനമാകാതെ കുടിശ്ശികയായി കിടക്കുന്ന കേസുകൾ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം കോടതികളിൽ കേസുകളും ദീർഘകാലം തീരുമാനമാകാതെ കിടക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടപ്പാടുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ കേസുകളിൻമേൽ എത്രയും വേഗം തീരുമാനം ഉണ്ടാകുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 1978 ഡിസമ്പർ 31-ൽ 1,50,330 കേസുകളും തീരുമാനമാകാതെ നിലവിലുണ്ട്.

(ബി) 23,952.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കും.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: ഹൈക്കോടതിയിലും മറ്റുകോടതികളിലുമുള്ള കേസുകളും നീണ്ടുനീണ്ടു പോകുന്നതുകൊണ്ട് നീതിലഭിക്കുന്നതിനു കക്ഷികൾക്കു വലിയ ചെലവുവരുന്നു. അതുകൊണ്ട് ആവുന്നതും വേഗത്തിൽ കേസുകളും തീർക്കാൻവേണ്ടി ഇന്നത്തെ നടപടിക്രമത്തിനുപകരം ഒരു സംവിധാനമുണ്ടാക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ, ഇല്ലെങ്കിൽ ഉണ്ടാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: സബോർഡിനേറ്റ് കോടതികളിൽ മാത്രമല്ല ഹൈക്കോടതികളിൽപ്പോലും ഉള്ള ഡിലേ സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. എത്രയും വേഗം കേസുകളും തീർപ്പുകൽപ്പിക്കുന്നതിനു ഇപ്പോഴുതന്നെ ഒരു സംവിധാനമുണ്ട്. ഭരണഘടനയിലെ ആർട്ടിക്കിൾ 235 അനുസരിച്ച് സബോർഡിനേറ്റ് കോർട്ടിന്റെമേലുള്ള നിയന്ത്രണം ഹൈക്കോർട്ടിനാണ്. സബോർഡിനേറ്റ് കോടതികളിലെ കേസിന്റെ പെൻഡൻസികുറയ്ക്കുന്നതിനുവേണ്ടി ഹൈക്കോടതി ചില സംവിധാനങ്ങളൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഓരോ ജഡ്ജിമാരെ വച്ച് കേസുകളുടെ സൂപ്പർവിഷൻ, പെൻഡൻസി മുതലായവ നോക്കുന്നുണ്ട്. അതുപോലെതന്നെ ഒരു സ്പെഷ്യൽ ലിസ്റ്റ് സിസ്റ്റം ഉണ്ട്. അതായത് ഓരോ ദിവസവും അധികം കേസുകളും എടുക്കാതിരിക്കുക, ആ കേസുകളിലുള്ള സാക്ഷികളെ മുഴുവൻ വിസ്തരിച്ച് ഉടൻതന്നെ തീർക്കുക എന്ന ഒരു സിസ്റ്റം അഡോപ്റ്റ് ചെയ്തിട്ടുണ്ട്. അതിനു വേണ്ടി ഓരോ ജില്ലയിലും ചുമതലപ്പെടുത്തിയ ജഡ്ജിയിൽനിന്നും ഹൈക്കോടതി റിട്ടേൺസ് ചോദിക്കാറുണ്ട്, മേടിക്കാറുമുണ്ട്. ഇതാണ് ഹൈക്കോടതിയുടെ ഇപ്പോഴത്തെ ക്രമീകരണം.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: നടപടിക്രമങ്ങളിലുള്ള പഴഞ്ചൻസമ്പ്രദായം മാറാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. എം. മാണി: നിയമത്തിൽ മാറ്റം വരുത്തണമെന്നുപറഞ്ഞാൽ അത് ഭരണഘടനയിലുള്ള നിർദ്ദേശങ്ങളാണ്. ആ നിർദ്ദേശങ്ങളനുസരിച്ചാണ് ഇന്നു പ്രവർത്തിക്കുന്നത്.

ശ്രീ. എ. എ. റഹീം: ഇത്രയൊക്കെ ക്രമീകരണങ്ങളുണ്ടായിട്ടും ഇത്രയേറെ കാലപ്പഴക്കമുള്ള കേസുകളും കിടക്കുന്നതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ? അതുപോലെതന്നെ അഞ്ചുകൊല്ലത്തിലേറെ കാലപ്പഴക്കമുള്ള കേസുകളുടെ എണ്ണവും എത്രയാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അഞ്ചുവർഷത്തിലേറെ കാലപ്പഴക്കം ചെന്ന ഹൈക്കോടതിയിലുള്ള കേസുകളുടെ എണ്ണം താഴെപ്പറയുന്നവയാണ്:

1973	—	21
1974	—	166
1975	—	435
1976	—	6,238
1977	—	7,329
1978	—	9,263

സബോർഡിനേറ്റ് കോർട്സിലെ കാര്യംപറയാൻ കുറെ സമയമെടുക്കും.

ശ്രീ. വി. ഈച്ചരൻ: ഹൈക്കോടതിയിലും മറ്റു കോടതികളിലുമുള്ള കേസുകൾ വേഗം തീർക്കുന്നതിന് സെന്റർ ഗവൺമെന്റിൽനിന്നോ സുപ്രീംകോടതിയിൽനിന്നോ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതനുസരിച്ചുള്ള നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ക്രിമിനൽ പ്രൊസീഡിയർ കോഡിൽ അമെൻറുമെന്റ് വരുത്തിയശേഷം കേസുകൾ എത്രയുംവേഗം തീർക്കുന്നതിന് ചില സംവിധാനങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി കുറെ ഇംപ്രൂവ്മെന്റ്സ് ഉണ്ട്. അതനുസരിച്ച് ജുഡീഷ്യൽ കോർട്ടുകൾക്ക് സമ്മറി ഡിസ്പോസലിനുള്ള അധികാരം കൊടുത്തിട്ടുണ്ട്. പെട്ടെന്ന്, വലിയ സാങ്കേതിക ചട്ടങ്ങളൊന്നും നോക്കാതെ കേസ് തീർക്കുന്നതിന് സമ്മറി പ്രൊസീഡിയർ ഉണ്ട്. സമ്മറി പ്രൊസീഡിയർ ഇൻവോക് ചെയ്തുകൊണ്ടും ക്രിമിനൽ പ്രൊസീഡിയർ കോഡിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഞാൻ മുൻപുപറഞ്ഞ സംവിധാനത്തിൽ കേസുകൾ തീർക്കുന്നതിനാണ് ഇന്നു മെഷിനറിയുള്ളത്.

ശ്രീ. വി. ഈച്ചരൻ: കോടതികളുടെ കുറവു പരിഹരിക്കുകയും കൂടുതൽ ജഡ്ജിമാരെ നിയമിക്കുകയും ചെയ്തുകൊണ്ട് ഈ കേസുകൾ തീർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം മാണി: ബഹുമാനപ്പെട്ട ഈച്ചരൻ പറഞ്ഞത് ഒരു പോയിന്റാണ്. കേസുകൾ തീരാതിരിക്കുന്നതിന്റെ പലകാരണങ്ങളിൽ ഒന്ന് കോടതികളുടെ കുറവാണ്. ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ കോടതികൾ സ്ഥാപിക്കേണ്ടതാണ്, അതിനുള്ള നിർദ്ദേശങ്ങൾ ഹൈക്കോടതിയിൽനിന്നു വന്നിട്ടുമുണ്ട്. കോടതികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രപ്പോസൽ ഗവൺമെന്റിന്റെ ഭാഗത്തുമുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു ഡിവിഷൻബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം വളരെനാളുകളായി ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. കേന്ദ്രത്തിലും നിവേദനം നടത്തിയിരുന്നു. സംസ്ഥാന ഗവൺമെന്റും അനുഭാവപൂർവ്വം പരിഗണിച്ചിരുന്നതാണ്. ഇൻഡ്യൻ പ്രസിഡന്റിന്റെ ശ്രദ്ധയിലും പെടുത്തിയിരുന്നതാണ്. അക്കാര്യം എന്തായി?

തീരുമാനിക്കപ്പെടാത്ത കേസുകളുടെ ബാഹുല്യവും സംസ്ഥാനത്തിന്റെ പ്രത്യേകതകളും കണക്കിലെടുത്ത് ഹൈക്കോടതിയുടെ ഒരു ഡിവിഷൻബഞ്ച് തിരുവനന്തപുരത്തു സ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: കേസിന്റെ പെരുപ്പം സിയും തിരുവനന്തപുരത്തു ഹൈക്കോടതിയുടെ ഡിവിഷൻബെഞ്ചിന്റെ സ്ഥാപനവും വളരെ ഇൻഡയറക്ടായ ബന്ധമേ ഉള്ളൂ എങ്കിൽത്തന്നെയും അതൊരു നയപരമായ പ്രശ്നമാണ്. അതിന് ഹൈക്കോടതിയുടെ അംഗീകാരം വേണം. അക്കാര്യത്തെപ്പറ്റി നമുക്കു സാവധാനം ആലോചിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഇക്കാര്യത്തിൽ സംസ്ഥാനഗവൺമെന്റ് അനുഭാവപൂർവ്വമായ ഒരു നിലപാടു സ്വീകരിച്ചിരുന്നു. കേന്ദ്രത്തിൽ അതെപ്പറ്റി നിവേദനം നടത്തിയിരുന്നതാണ്; ബഹുജനങ്ങളും ബാർ അസോസിയേഷനുമെല്ലാം. അതു പെഴ്സ്യൂ ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തിരുവനന്തപുരത്തു ഹൈക്കോടതിയുടെ ഡിവിഷൻബെഞ്ച് വരുന്നതിൽ സംസ്ഥാന ഗവൺമെന്റിന് യാതൊരെതിർപ്പുമില്ല. ഹൈക്കോടതിയുടെ അഭിപ്രായത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ അതു പരിചിന്തിക്കേണ്ടതാണ്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ജിസ്ട്രേട്ടുമാരെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കുമാറ്റി പുതിയ സ്ഥലത്തുചെന്നു ചാർജെടുക്കുമ്പോൾ പൗവേഴ്സ് എക്സർസൈസ് ചെയ്യാനുള്ള സാംഗ്ഷൻ കിട്ടിയില്ലെന്നകാരണത്താൽ വളരെ ദിവസം പ്രവർത്തിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം മനസ്സിലാക്കി ചാർജെടുക്കുന്ന അന്നുമുതൽ പൗവേഴ്സ്കൂടി എക്സർസൈസ് ചെയ്യാനുള്ള അധികാരം കൊടുക്കുമോ?

ശ്രീ. കെ. എം. മാണി: പൊതുവേ പറയുമ്പോൾ ഇതു ഹൈക്കോടതിനോക്കേണ്ട കാര്യങ്ങളാണ്. ഗവൺമെന്റ് ആ കാര്യത്തിൽ ഇടപെടാറില്ല. പ്രത്യേക നോട്ടീസുണ്ടെങ്കിലേ ഇതെപ്പറ്റി വിശദമായ മറുപടി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. സി. എ. കുര്യൻ: ലേബർ കോടതികളും പുറപ്പെടുവിച്ച അവാർഡിൻമേൽ തൊഴിലുടമകളും അപ്പീൽ കൊടുത്തിട്ടുള്ളതിനു റിട്ടു കൊടുത്തിട്ടുള്ള ധാരാളം കേസുകളും കഴിഞ്ഞ നാലഞ്ചുകൊല്ലമായി തീരുമാനമാകാതെ ഹൈക്കോടതിയിലുണ്ട്. തൊഴിലാളികളെ തിരിച്ചെടുക്കണമെന്നുള്ള കേസുകളുമുണ്ട്. അത്തരം കേസുകളിൽ ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം വിട്ടുകൊടുത്തുകൊണ്ട് തൊഴിലാളികൾക്കുവേണ്ടി കേസു വാദിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. എം. മാണി; ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ എല്ലാ കേസുകളും പ്രധാനങ്ങളാണ്: തൊഴിൽപരമായ കേസുകളും അല്ലാത്ത കേസുകളും പെട്ടെന്നു ഡിസ്പോസ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളും ഉണ്ടാക്കേണ്ടതാണ്; തീർച്ചയായും ഈ കാര്യം ഗവൺമെന്റ് ഹൈക്കോടതിയുമായി ആലോചിക്കാം.

ശ്രീ. പി. പി. എസ്തോസ്: സിവിൽക്കോടതിയിലും സെഷൻസ് കോടതിയിലുമെല്ലാം ഉള്ള കേസുകൾക്ക് ലിസ്റ്റ് സിസ്റ്റം നിലവിലുണ്ട്. വളരെയേറെ വരാറുള്ളതും പാവപ്പെട്ടവരെ ബാധിക്കുന്നതുമായ കേസുകളും ക്രിമിനൽകേസുകളാണ്. അതുകൊണ്ട് ക്രിമിനൽകേസുകൾക്കുകൂടി ഇതു ബാധകമാക്കാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: കേസുകൾ കൂടുതൽ ദിവസംവച്ചു നീട്ടുകയാണ് ഹൈക്കോടതി കൊടുത്തിരിക്കുന്ന ഗൈഡ്‌ലൈൻ.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഓരോ ഇനത്തിലുമുള്ള കേസുകൾ വ്യത്യസ്തമാണെന്നുള്ളതു മനസ്സിലാക്കി കേസുകളുടെ ബാഹുല്യംകൊണ്ടാണ് കാലതാമസമുണ്ടാകുന്നതെങ്കിൽ കൂടുതൽ കോടതികൾ സ്ഥാപിച്ച് എത്രയുംവേഗം കേസുകൾ തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: എന്തായാലും ഇതൊരു പ്രോബ്ലമാണ്. വളരെക്കൂടുതൽ പെൻഡൻസി ഉണ്ട്, അതിൽ അഭിപ്രായവ്യത്യാസമില്ല. എങ്ങനെ ഇതൊന്നു പരിഹരിക്കാമെന്നുള്ളതിനെപ്പറ്റി ഗവൺമെന്റും ഹൈക്കോടതിയുമായി ചർച്ചകൾ നടത്താം.

ശ്രീ. സേവ്യർ അറയ്ക്കൽ: ഒരു ലക്ഷത്തിഅൻപതിനായിരത്തിൽപ്പരം കേസുകളുണ്ടെന്നു പറഞ്ഞു. ഭൂരിഭാഗവും ക്രിമിനൽ കേസുകളാണോ സിവിൽകേസുകളാണോ എന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: ഇതും ബഹുമാനപ്പെട്ട മെമ്പർമാരുടെ അറിവിനുവേണ്ടി പറയാൻ ഞാൻ തയ്യാറാണ്. അഡിഷണൽ ഡിസ്ട്രിക്ട് കോർട്ട് 23 ആണ് ആകെയുള്ളത്. റെഗുലർ സ്യൂട്ട്സ് 317 പെൻഡൻസി ഉണ്ട്. മിസലേനിയസ് കേസു 8,320. സബ്കോർട്ടുകൾ 36 ആണുള്ളത്. റെഗുലർ സ്യൂട്ട്സ് 7,093 പെൻഡൻസി ഉണ്ട്. മിസലേനിയസ് 16,187 പെൻഡൻസി ഉണ്ട്. സിവിൽ വർക്കുകൾ നടത്തുന്ന മുൻസിഫ്കോർട്ടുകൾ 74 ആണ്. ക്രിമിനൽവർക്കുകൾകൂടെ നടത്തുന്ന മുൻസിഫ് കോടതികൾ 12 എണ്ണവും കൂടിയുണ്ട്. അവിടെ റെഗുലർ സ്യൂട്ട്സ് 30,359. മിസലേനിയസ് 16,082. അപ്പീലുകളുടെ കാര്യത്തിലാണെങ്കിൽ ഡിസ്ട്രിക്ട് ആൻഡ് അഡിഷണൽ ഡിസ്ട്രിക്ട് കോർട്ട്സ് 23 ആണ്. റെഗുലർ അപ്പീൽസ് 3,394 പെൻഡൻസി. മിസലേനിയസ് 264. സബ്കോർട്ടുകളിൽ റെഗുലർ അപ്പീൽസ് 5,399. മിസലേനിയസ് 1,845. ക്രിമിനൽ സൈഡിലേക്കു വരുമ്പോൾ സെഷൻസ് കോടതി 59 ആണ്. അതിൽ ഒർജിനൽ 374 പെൻഡൻസി, റിവിഷൻ 647, അപ്പീൽ 728. മജിസ്ട്രേട്ടുകോടതികളിൽ ക്രിമിനൽവർക്കു മാത്രം നടത്തുന്നവ 100 ആണ്. പോലീസ് ചാർജ്ജ്ഡ് കേസസ് 55,504 പെൻഡൻസി. കംപ്ലെയിൻഡ് കേസസ് 15,796 പെൻഡൻസി ഉണ്ട്. ഈ നിലയിൽ നോക്കുമ്പോൾ പെൻഡൻസിയുടെ ഏതാണ്ടൊരുചിത്രം നമുക്കു മനസ്സിലാകുന്നതാണ്.

ശ്രീ. എസ്. ത്യാഗരാജൻ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കേസുകളുടെ കാലപ്പഴക്കം ഒഴിവാക്കാൻ ക്രമീകരണങ്ങൾ എടുത്തു എന്നു പറയുകയുണ്ടായി. നമുക്ക് രണ്ട് ലേബർ കോടതികളുണ്ട്. രണ്ട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും ഒരു ആർബിട്രേഷൻ കോടതിയും ഇപ്പോൾ നിലവിലുണ്ട്. ഇവിടെ കേസുകളുടെ കുടിശ്ശികയുടെ ലിസ്റ്റ് വായിച്ചതിൽ നിരവധി തൊഴിൽത്തർക്ക കേസുകളിൽ കുടിശ്ശികയുണ്ട് എന്നു മനസിലാക്കാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഒരു വർഷത്തിനുമുമ്പ് തീരുമാനിച്ച തൊഴിൽത്തർക്ക കേസുകൾ മാത്രം കൈകാര്യംചെയ്യാൻതന്നെ പ്രത്യേക ബഞ്ച് സ്ഥാപിക്കുമെന്ന നിർദ്ദേശം ഇപ്പോഴും പരിഗണനയിൽ ഉണ്ടോ? ഇല്ലെങ്കിൽ തൊഴിൽത്തർക്കകേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക ബഞ്ച് ഹൈക്കോടതിയിൽ സ്ഥാപിക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഇതിനെപ്പറ്റി ഖണ്ഡിതമായ ഉത്തരം പറയാൻ നിർവ്വാഹമില്ല.

ശ്രീ. വി. ജെ. ജോസഫ്: നീതി നടത്താൻ താമസം വരുത്തുന്നത് നീതി നിഷേധിക്കലാണ് എന്നതാണ് വസ്തുത. 1973 മുതലുള്ള കേസു കൾ തീർക്കാതെ ഇരിക്കുന്നു എന്നുള്ളത് ഈ രാജ്യത്തെ സംബന്ധിച്ചിട ത്തോളം ആക്ഷേപകരമാണെന്നുള്ളത് പരിഗണിച്ച് ജൂഡിഷ്യൽ സുപ്രീംസി നിലവിലിരിക്കുന്ന അമേരിക്കൻ ഐക്യനാടുകളിൽപോലും ഇല്ലാത്തവിധത്തിൽ ഇത്രമാത്രം അപ്രമാദിത്വം കൽപ്പിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുന്ന ഹൈക്കോടതിയിൽനിന്നും നീതി വേഗം നടത്തിക്കിട്ടുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം വയ്ക്കാനുണ്ടോ? എന്തെങ്കിലും നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഹൈക്കോടതി അംഗീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, Justice delayed is Justice denied. അതിനോട് ഞാൻ യോജിക്കുക യാണ്. അതുകൊണ്ട് നീതി മുഴുവൻ നിഷേധിക്കപ്പെടുന്നുവെന്ന് അർത്ഥമാക്കേണ്ടതില്ല. നീതി ലഭിക്കുന്നുണ്ട് എന്നതാണ് ഗവൺമെ ന്റിന്റെ അഭിപ്രായം. ഈ പെൻഡൻസി തീർക്കേണ്ടതു് ആവശ്യമാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: പയ്യന്നൂരിൽ ഒരു മജിസ്ട്രേറ്റ് കോടതി ഉണ്ടായിരുന്നു. നാല് കൊല്ലം മുമ്പ് അത് ഗവൺമെന്റ് പിൻവലിക്കുകയാണ് ചെയ്തത്. ഇപ്പോഴും തളിപ്പറമ്പിൽ കേസ് കെട്ടിക്കിടക്കുന്നുവെന്ന് അന്വേഷണത്തിൽ മനസ്സിലായി. നാട്ടുകാർ നാല് പത്ത് നാഴിക നടന്ന് വരേണ്ടതുള്ളതുകൊണ്ട് പയ്യന്നൂരിൽ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്ന് ഹൈക്കോടതി ശുപാർശ ചെയ്തിട്ടുണ്ട്. അത് ഉടനെ നടപ്പാക്കുമോ?

ശ്രീ. കെ. എം. മാണി: ഹൈക്കോടതി ശുപാർശ ചെയ്തിട്ടുള്ള സ്ഥലങ്ങളിലൊക്കെയും ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികളും കണക്കിലെടുത്തുകൊണ്ട് കോടതികളും സ്ഥാപിക്കുന്ന നടപടികളെപ്പറ്റി ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്.

ശ്രീ. എൻ. പി. മൊയ്തീൻ: സർ, ഹൈക്കോടതിയിൽ കെട്ടിക്കിട ക്കുന്ന കേസുകളിൽ നല്ലൊരു ഭാഗം മലബാറിൽ നിന്നുള്ളതാണെന്ന് അറിയാൻ കഴിഞ്ഞു. അത് പരിഗണിച്ച് മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട്ട് ഒരു ബഞ്ച് സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: പ്രദേശപരമായ പട്ടിക ഞാൻ ഇവിടെ വായി ച്ചില്ല. പിന്നെ എവിടെനിന്നാണ് ആ ഇൻഫർമേഷൻ കിട്ടിയത് എന്ന് അറിയാൻ പാടില്ല. അങ്ങനെയൊരു ഇൻഫർമേഷൻ ഇല്ല.

ശ്രീ. എ. വി. താമരാക്ഷൻ: ഹൈക്കോടതികളിലും കീഴ്ക്കോടതി കളിലും കേസുകളിൻമേൽതീരുമാനം ആകാൻ താമസിച്ചുപോകുന്ന കാരണ ങ്ങളിൽ ഒന്ന് എന്നു പറയുന്നത് അഭിഭാഷകൻമാർ അവധിക്ക് അപേക്ഷ നിരന്തരമായി വയ്ക്കുന്നതിനാലാണ് എന്നത് കണക്കിലെടുത്തുകൊണ്ട് കൂടുതൽ പ്രാവശ്യം അവധിക്ക് അപേക്ഷിച്ചാൽ അനുമതി കൊടുക്കാതി രിക്കാൻ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് തീരുമാനിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: കേസുകളിൽ തീരുമാനം എടുക്കാതെ പോകുന്നത് അഭിഭാഷകൻമാരുടെ മാത്രം കുറ്റമല്ല, കോടതികളുടെ കുറ്റം, പ്രവർത്തനരീതി, അഭിഭാഷകൻമാരുടെ പ്രവർത്തനരീതി എന്നതും സാങ്കേതിക നിയമങ്ങളുടെ വൈകല്യം എന്നിവയെല്ലാം കാരണങ്ങളാണ്. അതു കൊണ്ട് അഭിഭാഷകൻമാരെ മാത്രം കുറ്റം പറഞ്ഞതുകൊണ്ടായില്ല എന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ശങ്കർ: ഹൈക്കോടതിയിലെ ചില ന്യായാധിപൻമാർ കേസിന്റെ മെറിറ്റ് അല്ല, കേസ് സർക്കാരിന് എതിരായി ആണോ, അനുകൂലമായി ആണോ എന്ന് നോക്കിയിട്ടാണ് ഒക്കെകാര്യം ചെയ്യുന്നത് എന്ന് നാട്ടിൽ സംസാരമുണ്ട്. അത് ശരിയാണോ?

ശ്രീ. കെ. എം. മാണി: നാട്ടിലുള്ള സംസാരത്തെപ്പറ്റി എനിക്കൊന്നും പറയാനില്ല. സർക്കാരിനെതിരെ ആയാൽത്തന്നെയും ജസ്റ്റിസാണ് ചെയ്തത് എന്നാണ് വയ്പ്.

ഖാദി ബോർഡിന്റെ സഹായത്തോടുകൂടിയുള്ള ഗ്രാമീണ വ്യവസായങ്ങൾ

*678 [735] ശ്രീ. കെ. ടി. കുമാരൻ:

,, എം. കെ. കേശവൻ:

,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിബോർഡിന്റെ സഹായത്തോടുകൂടി തുടങ്ങുവാൻ നിശ്ചയിച്ചിട്ടുള്ള ഗ്രാമീണ വ്യവസായങ്ങൾ ഏതൊക്കെയാണ്;

(ബി) ഇത്തരം വ്യവസായങ്ങൾക്കുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന താലൂക്കുകൾക്ക് മുൻഗണന നൽകുമോ;

(സി) ഇത്തരത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ ഡിപ്പാർട്ടുമെന്റിൽനിന്നും നൽകിവരുന്ന സഹായങ്ങൾ എന്തെക്കെയാണ്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇപ്പോൾ ഖാദി ബോർഡുതന്നെ ധനസഹായം നൽകിവരുന്ന 19 ഗ്രാമവ്യവസായങ്ങളല്ലാതെ പുതിയ ഗ്രാമവ്യവസായങ്ങളൊന്നും തുടങ്ങുന്നില്ല.

(ബി) ഗ്രാമവ്യവസായങ്ങൾക്കുള്ള അപേക്ഷകൾ, ഖാദി ബോർഡ് പരിഗണിക്കുമ്പോൾ വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന താലൂക്കുകൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(സി) പ്രവർത്തന മൂലധനം, ഓഹരി മൂലധനം, കാപ്പിറൽ എക്സ്പെൻഡിച്ചർ ലോൺ, മാനേജിരിയൽ ഗ്രാൻറ്, കാപ്പിറൽ എക്സ്പെൻഡിച്ചർ ഗ്രാൻറ് മുതലായ സാമ്പത്തിക സഹായങ്ങളും ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും ഖാദിബോർഡ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly